ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) ഉണ്ട്.

(ബി) പ്രസ്തുത സമിതി പരിശോധന നടത്തുകയും കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിനോട് തുടർന്നുള്ള പഠനങ്ങൾ നടത്തുവാനും മൂന്നു മാസത്തിലൊരിക്കൽ പഠന റിപ്പോർട്ട് മെമ്പർ സെക്രട്ടറിക്ക് സമർപ്പിക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്.

തിരുവനന്തപുരം മുതൽ കൊച്ചിവരെയുള്ള സ്ഥലങ്ങളിലെ അപകടകരമായ മാലിന്യങ്ങൾ പുറംതള്ളുന്ന യൂണിറ്റുകൾ പ്രസ്തുത സമിതി സന്ദർശിക്കുകയുണ്ടായി. കൂടാതെ പാലക്കാട് ജില്ലയിലെ കൊക്കോകോള, പെപ്സി പ്ലാന്റുകൾ, കൊച്ചിൻ പോർട്ട് ട്രസ്റ്റ്, കസ്റ്റംസ് ഇവയും ഈ സമിതി സന്ദർശിച്ചു.

(സി) ഇടയാർ, വെള്ളൂർ (കോട്ടയം) ചവറ(കൊല്ലം) തുടങ്ങി പല സ്ഥലങ്ങളിലേയും വ്യവസായ ശാലകൾ ഭൂഗർഭ ജലം മലിനപ്പെടുത്തുന്നതായും എന്നാൽ ഇതിനുവേണ്ട വിധത്തിലുള്ള പ്രതിവിധികൾ സ്വീകരിച്ചിട്ടില്ലാത്തതായും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

നദീസംയോജന പദ്ധതി

14 (*191) ശ്രീ. പി. എസ്. സുപാൽ :
ശ്രീ. എം. കുമാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നദീ സംയോജന പദ്ധതിയുടെ ആദ്യ ഭാഗമായി കേന്ദ്രം നടപ്പാക്കുന്ന പമ്പ-അച്ചൻകോവിൽ-വൈപ്പാർ ലിങ്കിന്റെ ഇപ്പോഴത്തെ അവസ്ഥ എന്താണ്;

(ബി) ഈ പദ്ധതി നടത്തിപ്പിനെതിരായി കേരളം പ്രതിഷേധം അറിയിച്ചിട്ടുണ്ടോ;

(സി) പമ്പയിലെയും അച്ചൻകോവിലിലെയും ജലം അളക്കാൻ (ഗേജിംഗ്) ദേശീയ ജലവികസന ഏജൻസി എത്ര കാലമായി നടത്തുന്നുണ്ട്;

(ഡി) ദേശീയ ജല വികസന ഏജൻസിയുടെ കണക്കനുസരിച്ച് പമ്പയിലും അച്ചൻകോവിലിലുമായി എത്ര ജലം മിച്ചം വരുമെന്നാണ് കണക്കാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഇ) ഈ ജലം തിരിച്ചുവിടാനാണോ ഉദ്ദേശിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ?

ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) :

(എ) പമ്പ-അച്ചൻകോവിൽ-വൈപ്പാർ ലിങ്ക് പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ചോ പദ്ധതി ഉപേക്ഷിക്കുന്നത് സംബന്ധിച്ചോ കേന്ദ്ര ഗവൺമെന്റ് അന്തിമ തീരുമാനമൊന്നും കൈക്കൊണ്ടിട്ടില്ല.

(ബി) ഉണ്ട്.

(സി) ദേശീയ ജല വികസന ഏജൻസി പമ്പാനദിയിലേയും അച്ചൻകോവിൽ ആറിലേയും ജലത്തിന്റെ ഗേജിംഗ് നടത്തിയിട്ടില്ല. എന്നാൽ ഈ നദികളെ സംബന്ധിച്ച വാട്ടർ ബാലൻസ്സ് സ്റ്റഡി ദേശീയ ജല വികസന ഏജൻസി നടത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പമ്പയിലും അച്ചൻകോവിലുമായി ഏകദേശം 3127 Mm3 ജലം മിച്ചം വരുമെന്നാണ് ദേശീയ ജല വികസന ഏജൻസിയുടെ പഠന റിപ്പോർട്ടിൽ പറയുന്നത്.

(ഇ) അതെ, ദേശീയ ജലവികസന ഏജൻസിയുടെ പഠന പ്രകാരം പമ്പ-അച്ചൻകോവിൽ നദികളെ അധിക ജലത്തിന്റെ 20 ശതമാനമായ 634 മില്യൺക്യൂബിക് മീറ്റർ അഥവാ 22.5 ടി.എം.സി. ജലം തമിഴ്നാട്ടിലെ വൈപ്പാർ മണ്ഡലത്തിലേയ്ക്ക് തിരിച്ചു വിടാൻ സാധിക്കുമെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

മത്സ്യത്തൊഴിലാളികളുടെ വീട് നന്നാക്കിക്കൊടുക്കുവാൻ പദ്ധതി

15 (*192) ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ. :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ടി. യു. രാധാകൃഷ്ണൻ:
ഡോ. എം. എ. കുട്ടപ്പൻ :
ശ്രീ. ഡി. സുഗതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യത്തൊഴിലാളികളുടെ വീട് നന്നാക്കിക്കൊടുക്കുവാൻ എന്തെങ്കിലും പദ്ധതിയുണ്ടോ;

(ബി) എങ്കിൽ ഇതനുസരിച്ച് ഓരോ വീടും പുതുക്കുന്നതിന് എന്തു തുക കൊടുക്കുമെന്ന് വ്യക്തമാക്കുമോ;

(സി) ഈ വർഷം എത്ര വീടുകൾ നന്നാക്കുവാനാണ് പദ്ധതിയുള്ളത് എന്ന് വിശദമാക്കാമോ ?

ഫിഷറീസും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. ഡൊമിനിക് പ്രസന്റേഷൻ):

(എ-സി) സ്ഥിരമായി പദ്ധതിയൊന്നുമില്ല. എന്നാൽ കേന്ദ്ര ഗവൺമെന്റ് പ്രത്യേക ധനസഹായമായി അനുവദിക്കുന്ന വീടുകളുടെ റിപ്പയർ പണി നടത്താറുണ്ട്. 2004-05-ൽ കേന്ദ്രത്തിൽ നിന്നും ലഭിച്ച 15 കോടി രൂപയിൽ, ഒരു വ്യക്തിക്ക് 20,000 രൂപ പ്രകാരം 1000 വീടുകൾ റിപ്പയർ ചെയ്യുന്നതിനായി മണ്ഡലം കോടി രൂപ ചെലവഴിക്കുന്നുണ്ട്.

ജലവിതരണ പദ്ധതി വിപുലീകരണം

16 (*193) ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. ജി. കാർത്തികേയൻ :
ശ്രീ. എ. കെ. മണി :
ശ്രീ. കെ. സുധാകരൻ :
ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഏതെല്ലാം നഗരങ്ങളിൽ നിലവിലുള്ള ജലവിതരണ പദ്ധതികളിൽ നിന്നുള്ള ജലം ആവശ്യത്തിന് തികയാതെ വരുന്നുണ്ട് എന്ന് അറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly